പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 678 13-01-2021-ൽ മറുപടിക്ക്

## ടൂറിസം പദ്ധതികൾ ജനസൗഹൃദമാക്കുവാൻ നടപടി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ ഒ . ആർ. കേളു | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ ജനസൗഹൃദമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പ്രാദേശിക ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധിപ്പിച്ച് അധിക വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2008 ൽ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം ആരംഭിക്കുകയും ഘട്ടം ഘട്ടമായി വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും ചെയ്തു. |
| (ബി) | വിനോദസഞ്ചാര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് സ്ത്രീകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ പ്രാദേശിക സമൂഹത്തിലെ സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്നവയാണ്. സ്ത്രീകൾ പ്രധാനമായും വീട്ടമ്മമാർ ഉൾപ്പെടുന്ന പ്രാദേശിക ജന സമൂഹത്തിനു പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കാവുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നതിനു പരിശീലനങ്ങൾ നൽകുകയും പരിശീലനം ലഭിച്ചവരെയും ടൂറിസം വ്യവസായവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിക്കാവുന്ന ചെറുകിട സംരംഭകർ, പാരമ്പര്യ തൊഴിലാളികൾ, സേവന ദാതാക്കൾ എന്നിവരെയെല്ലാം കണ്ടെത്തി യൂണിറ്റ് ആയി രൂപീകരിച്ച് യൂണിറ്റുകളെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ രജിസ്റ്റർ ചെയ്യുകയും |
| (സി) | വിനോദസഞ്ചാര മേഖലയിൽ സംരംഭകരായും സേവനദാതാക്കളായും സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തം നൽകാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | | |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ആയും ഓഫ് ലൈൻ ആയും യൂണിറ്റുകളെ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധിപ്പിക്കുകയും വരുമാനം ലഭ്യമാക്കുകയും ചെയ്യുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ എക്സ്പിരിയൻസ് എത്നിക്/ലോക്കൽ ക്യുസീൻ എന്ന പദ്ധതി സാധാരണക്കാരായ വീട്ടമ്മമാർക്ക് വരുമാനം ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്. |

സെക്ഷൻ ഓഫീസർ